REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 05-07-2024 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- രാജ്യത്തിന്റെ വികസനത്തിൽ, പ്രത്യേകിച്ച് കൃഷിയിലും കാലാവസ്ഥാ നിരീക്ഷണത്തിലും ഡ്രോണുകൾക്ക് നിർണ്ണായക പങ്ക് വഹിക്കാൻ കഴിയുമെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ.
- പട്ടയമില്ലാത്ത ഭൂമിയിലെ ദീർഘകാല വിളകൾക്ക് കൃഷിനാശമുണ്ടായാൽ നഷ്ടപരിഹാരത്തിന് പരിഗണിക്കുമെന്ന് മന്ത്രി P.പ്രസാദ്.
- വനാശ്രിതർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉറപ്പവരുത്തിയാവും ഇക്കോടൂറിസം പദ്ധതികൾ വികസിപ്പിക്കുകയെന്ന് മന്ത്രി A.K ശശീന്ദ്രൻ.
- മലയാളത്തിന്റെ പ്രിയ എഴുത്തുകാരൻ വൈക്കം മുഹമ്മദ് ബഷീറിന്റെ സ്മരണകൾക്ക് ഇന്ന് മുപ്പതാണ്ട്.
- ട്വന്റി - 20 ലോകകപ്പ് ക്രിക്കറ്റ് ചാമ്പ്യൻമാരായ ഇന്ത്യൻ ടീമിന് മുംബൈയിൽ അത്യുജ്ജ്വല വരവേല്പ്.
- പാരീസ് ഒളിമ്പിക്സിലെ ഇന്ത്യൻ അത്-ലറ്റിക്സ് ടീമിൽ അഞ്ചു മലയാളികൾ.

## വാർത്തകൾ വിശദമായി

രാജ്യത്തിന്റെ വികസനത്തിൽ, പ്രത്യേകിച്ച് കൃഷിയിലും കാലാവസ്ഥാ നിരീക്ഷണത്തിലും ഡ്രോണുകൾക്ക് നിർണ്ണായക പങ്ക് വഹിക്കാൻ കഴിയുമെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ പറഞ്ഞു. ഡ്രോൺ സാങ്കേതികവിദ്യ പ്രോത്സാഹിപ്പിക്കാൻ കേന്ദ്രഗവൺമെന്റ്

പ്രതിജ്ഞാബദ്ധമാണെന്ന് ന്യൂഡൽഹിയിൽ ഇന്റർ നാഷണൽ ഇന്നൊവേഷൻ കോൺക്ലേവിൽ സംസാരിക്കവെ അദ്ദേഹം പറഞ്ഞു.

നൂതനാശയങ്ങളിലേക്കും സാങ്കേതികവിദ്യയിലേക്കും കേന്ദ്ര ഗവണ്മെന്റ് നടത്തുന്ന മുന്നേറ്റം, ഇന്ത്യയുടെ മൊത്തം സാമ്പത്തിക വളർച്ചയിൽ ഗണ്യമായ സംഭാവന നൽകുന്നതായി ഗോയൽ വ്യക്തമാക്കി.

✪✪✪

അടുത്ത അധ്യയന വർഷം NCERT മൂന്ന്, ആറ് ക്ലാസുകളിൽ പുതിയതും ആകർഷകവുമായ പാഠപുസ്തകങ്ങൾ അവതരിപ്പിക്കുമെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം അറിയിച്ചു. പാഠപുസ്തകം തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണെന്നും ഈ ക്ലാസുകളിലേക്കു ഒമ്പത് പാഠപുസ്തകങ്ങൾ ഇതിനകം സജ്ജമായിട്ടുണ്ടെന്നും വിദ്യാഭ്യാസ മന്ത്രാലയം വ്യക്തമാക്കി. പഠനം സന്തോഷകരവും സമ്മർദ്ദ രഹിതവുമാക്കുന്നതിന് മികച്ച നിലവാരത്തോടു കൂടിയ പാഠപുസ്തകങ്ങൾ നൽകാനാണ് 2020 ലെ ദേശീയ വിദ്യാഭ്യാസ നയം ലക്ഷ്യമിടുന്നതെന്നും മന്ത്രാലയം അറിയിച്ചു.

✪✪✪

സെൻട്രൽ ഇക്കണോമിക് ഇന്റലിജൻസ് ബ്യൂറോ, സൈബർ ക്രൈം ആൻഡ് ഇക്കണോമിക് ഒഫെൻസ് യൂണിറ്റ്, ഡൽഹി സൈബർസെൽ എന്നിവയുടെ പേരിൽ ലഭിക്കുന്ന വ്യാജ ഇ-മെയിലുകൾക്കെതിരെ കേന്ദ്രം ജാഗ്രതാ നിർദ്ദേശം നൽകി. പീഡോഫീലിയ, സൈബർ അശ്ലീലം, ലൈംഗിക പ്രദർശനം തുടങ്ങിയ അറ്റാച്ച്മെന്റോടുകൂടിയ മെയിലുകളോട് പ്രതികരിക്കരുതെന്നും ധനമന്ത്രാലയം മുന്നറിയിപ്പ് നൽകി. ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കാൻ പൊലീസിന് മുന്നറിയിപ്പ് നൽകിയതായും അത്തരം സംഭവങ്ങൾ പൊലീസ് സ്റ്റേഷനിലോ സൈബർ പൊലീസ് സ്റ്റേഷനിലോ അറിയിക്കണമെന്നും മന്ത്രാലയം അറിയിച്ചു.

✪✪✪

കുടുംബ പെൻഷൻകാരുടെ പരാതികൾ ഫലപ്രദമായി പരിഹരിക്കുന്നതിന് പെൻഷൻ, പെൻഷനേഴ്സ് വെൽഫെയർ വകുപ്പ് ഒരു മാസം നീണ്ടുനിൽക്കുന്ന പ്രത്യേക കാമ്പയിൻ ആരംഭിച്ചു. പെൻഷനുമായി ബന്ധപ്പെട്ട പരാതികളിൽ 20 ശതമാനവും കുടുംബ പെൻഷനുമായി ബന്ധപ്പെട്ടതാണെന്ന് വകുപ്പ് ജോയിന്റ് സെക്രട്ടറി ധ്രുബ്ജ്യോതി സെൻഗുപ്ത ആകാശവാണി ന്യൂസിന് നൽകിയ അഭിമുഖത്തിൽ വെളിപ്പെടുത്തി. പ്രത്യേക കാമ്പെയ്ൻ വഴി ഈ

പരാതികൾ വേഗത്തിൽ തീർപ്പാക്കാൻ വകുപ്പ് പ്രതിജ്ഞാബദ്ധമാണെന്ന് അദ്ദേഹം അറിയിച്ചു.

✪✪✪

പട്ടയമില്ലാത്ത ഭൂമിയിൽ വർഷങ്ങളായി കൃഷി ചെയ്യുന്ന ദീർഘകാല വിളകൾക്ക് പ്രകൃതിക്ഷോഭം കാരണം കൃഷിനാശമുണ്ടായാൽ നഷ്ടപരിഹാരത്തിന് പരിഗണിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചതായി മന്ത്രി P.പ്രസാദ് അറിയിച്ചു. സംസ്ഥാനത്തുണ്ടായ കടുത്ത ഉഷ്ണ തരംഗവും വരൾച്ചയും കണക്കിലെടുത്ത് നഷ്ടപരിഹാരം ലഭിക്കുന്നതിന് എയിംസ് പോർട്ടൽ മുഖേന അപേക്ഷ സമർപ്പിക്കുവാൻ ഈ മാസം 31 വരെ സമയം അനുവദിച്ചതായും മന്ത്രി തിരുവനന്തപുരത്ത് അറിയിച്ചു.

ഇടുക്കി ജില്ലയിൽ വനാതിർത്തിയോട് ചേർന്ന് പട്ടയം ഇല്ലാത്ത ഭൂമിയിൽ കുടിയേറ്റ കർഷകർ തലമുറകളായി ഏലം, കുരുമുളക്, കാപ്പി, കൊക്കോ, ജാതി മുതലായ ദീർഘകാലവിളകൾ കൃഷി ചെയ്തു വരുന്നുണ്ട്. കടുത്ത വരൾച്ചയിൽ ജില്ലയിൽ വ്യാപക നാശനഷ്ടമുണ്ടായതായി വരൾച്ചയെക്കുറിച്ച് അന്വേഷിച്ച പ്രത്യേക സമിതി റിപ്പോർട്ട് ചെയ്തിരുന്നുവെന്നും മന്ത്രി പറഞ്ഞു.

✪✪✪

വനാശ്രിതർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉറപ്പവരുത്തിയാവും ഇക്കോടൂറിസം പദ്ധതികൾ വികസിപ്പിക്കുകയെന്ന് മന്ത്രി A.K ശശീന്ദ്രൻ പറഞ്ഞു. വന മഹോത്സവ പരിപാടിയുടെ ഭാഗമായി കേരളത്തിലെ ഇക്കോടൂറിസം ശാക്തീകരണ ശില്പ്പശാല തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ആദ്യ ഘട്ടത്തിൽ 20 ഇക്കോടൂറിസം കേന്ദ്രങ്ങളിലാവും വികസന പ്രവർത്തനങ്ങൾ ആരംഭിക്കുകയെന്നും മന്ത്രി പറഞ്ഞു. നിലവിൽ വനം വകുപ്പിന്റെ കീഴിൽ 71 കേന്ദ്രങ്ങളിൽ ഇക്കോടൂറിസം പദ്ധതി നടപ്പാക്കി വരുന്നതായും അദ്ദേഹം അറിയിച്ചു.

✪✪✪

സംസ്ഥാനത്തെ മികച്ച സഹകാരിക്കു നൽകുന്ന റോബർട്ട് ഓവൻ പുരസ്കാരവും സഹകരണ സംഘങ്ങൾക്കു സംസ്ഥാന പുരസ്കാരങ്ങളും മന്ത്രി വി എൻ വാസവൻ തിരുവനന്തപുരത്ത് പ്രഖ്യാപിച്ചു.

ഈ വർഷത്തെ റോബർട്ട് ഓവൻ പുരസ്കാരം കോലിയക്കോട് എൻ. കൃഷ്ണൻ നായർക്കാണ്. ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും ഫലകവുമാണ് സമ്മാനം.

സഹകരണ വകുപ്പ് മന്ത്രിയുടെ പ്രത്യേക കോ-ഓപ്പറേറ്റീവ് ഡേ പുരസ്കാരം ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിക്ക് ലഭിച്ചു. സംസ്ഥാനത്ത് നല്ലരീതിയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിൽ അർബൻ സഹകരണ ബാങ്ക് വിഭാഗത്തിൽ എറണാകുളം തൃപ്പൂണിത്തുറ പീപ്പിൾസ് അർബൻ സഹകരണ ബാങ്കിനാണ് ഒന്നാം സ്ഥാനം.

പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് വിഭാഗത്തിൽ എറണാകുളം കണയന്നൂർ താലൂക്ക് സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ഒന്നാമതെത്തി.

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘ വിഭാഗത്തിൽ കണ്ണൂർ കതിരൂർ സർവീസ് സഹകരണ ബാങ്ക് ഒന്നാം സ്ഥാനം നേടി.

✪✪✪

സംസ്ഥാനത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലേയും ഡെന്റൽ കോളേജുകളിലെയും ഹൗസ് സർജൻമാരുടെയും റെസിഡന്റ് ഡോക്ടർമാരുടെയും സ്റ്റൈപന്റ് വർധിപ്പിച്ച് ഉത്തരവിട്ടതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. ഈ മാസം ഒന്നു മുതൽ ഇതിന് പ്രാബല്യമുണ്ടാകുമെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

കുട്ടികളിൽ ഏറ്റവുമധികം കണ്ടുവരുന്ന പെരുമാറ്റപ്രശ്നമായ അറ്റെൻഷൻ ഡെഫിസിറ്റ് ഹൈപ്പർ ആക്ടിവിറ്റി ഡിസോർഡർ - ADHD- പരിഹരിക്കാൻ 'നിപ്മറി'ൽ പ്രത്യേക ക്ലിനിക് ആരംഭിച്ചതായി മന്ത്രി ഡോ. R ബിന്ദു പറഞ്ഞു. ശ്രദ്ധക്കുറവ്, അടങ്ങിയിരിക്കാൻ പറ്റാത്ത പ്രകൃതം, അതിരുകടന്ന ആവേശത്തോടെ ചെയ്യുന്ന പ്രവൃത്തികൾ ഇതൊക്കെ പ്രധാന ലക്ഷണങ്ങളായ പെരുമാറ്റ പ്രശ്നമാണ് ക്ലിനിക്കിൽ പരിഹരിക്കുകയെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു. .

നാഡീവികാസത്തെ ബാധിക്കുന്ന അപാകതകളാണ് ADHD യ്ക്ക് വഴിവെക്കുന്നത്. ഈ പെരുമാറ്റപ്രശ്നമുള്ള കുട്ടികൾക്ക് തുടർജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ വ്യത്യസ്ത വെല്ലുവിളികൾ നേരിടേണ്ടിവരാറുണ്ട്. തുടക്കത്തിൽ അഞ്ചു വയസ്സു മുതൽ പന്ത്രണ്ട്

വയസ്സു വരെ  കുട്ടികൾക്കാണ് ചികിത്സാ സംവിധാനമെന്നും മന്ത്രി അറിയിച്ചു.

✪✪✪

മലയാളത്തിന്റെ പ്രിയ എഴുത്തുകാരൻ വൈക്കം മുഹമ്മദ് ബഷീറിന്റെ സ്മരണകൾക്ക് ഇന്ന് മുപ്പതാണ്ട്. ബഷീറിന്റെ പ്രധാന കൃതിയായ ബാല്യകാല സഖിയുടെ എൺപതാം വാർഷികവും ഈ വർഷം ആഘോഷിക്കുകയാണ്.

രാവിലെ ബേപ്പൂരിലെ വൈലാലിൽ വീട്ടിൽ നടക്കുന്ന ബഷീർ അനുസ്മരണ പരിപാടി മന്ത്രി P.A മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും.

✪✪✪

മരുഭൂമികൾ പൂക്കുന്നത് അനുഭവിച്ചറിഞ്ഞ കഥാകാരനാണ് വൈക്കം മുഹമ്മദ് ബഷീർ എന്ന് പ്രശസ്ത എഴുത്തുകാരൻ അംബികാസുതൻ മാങ്ങാട് പറഞ്ഞു. കാസർകോട് ജില്ല ഇൻഫർമേഷൻ ഓഫീസിന്റെ ആഭിമുഖ്യത്തിൽ ഹൊസ്ദുർഗിൽ സംഘടിപ്പിച്ച വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണ പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ''സമസ്ത ജീവജാലങ്ങളെയും ഉൾക്കൊള്ളുന്ന ജീവിത വീക്ഷണം പതിറ്റാണ്ടുകൾക്കു മുൻപ് കഥകളിലൂടെ അവതരിപ്പിച്ച എഴുത്തുകാരനാണ് ബഷീർ   എന്നും അദ്ദേഹം പറഞ്ഞു.

✪✪✪

ട്വന്റി - 20 ലോകകപ്പ് ക്രിക്കറ്റ് ചാമ്പ്യൻമാരായ ഇന്ത്യൻ ടീമിന് മുംബൈയിൽ അത്യുജ്ജ്വല വരവേല്പ്.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്)....

ഇന്നലെ വൈകീട്ട് മുംബൈ വിമാനത്താവളത്തിലെത്തിയ ടീമിനെ ജീവനക്കാർ ഉജ്ജ്വലമായ വാട്ടർ സല്യൂട്ടോടെയാണ് സ്വീകരിച്ചത്. തുടർന്ന് കേക്ക് മുറിക്കൽ ചടങ്ങും നടന്നു.

മറൈൻ ഡ്രൈവിൽ നിന്ന് വാങ്കഡെ സ്റ്റേഡിയത്തിലേക്ക് തുറന്ന ബസിൽ നടത്തിയ ടീമിന്റെ വിക്ടറി മാർച്ച് കാണാൻ ലക്ഷക്കണക്കിന് ആരാധകർ മറൈൻ ഡ്രൈവിന്റെ ഇരുവശത്തുമായി തടിച്ചു കൂടി.

റോഡ് ഷോ ആരംഭിച്ചതിനു പിന്നാലെ വിരാട് കോലി ട്വന്റി-20 ലോകകപ്പ് ട്രോഫി ആരാധകരെ ഉയർത്തിക്കാണിച്ചു. മാർച്ചിനുശേഷം ആരാധകരെക്കൊണ്ട് നിറഞ്ഞ വാങ്കഡെ സ്റ്റേഡിയത്തിൽ ലോകകപ്പ് താരങ്ങളെ ആദരിച്ചു.

125 കോടി രൂപയുടെ ചെക്ക് BCCI പ്രസിഡന്റ് റോജർ ബിന്നി താരങ്ങൾക്കു സമ്മാനിച്ചു.

✪✪✪

ഒളിമ്പിക്സിൽ പങ്കെടുക്കാൻ പാരീസിലേക്ക് പോകുന്ന ഇന്ത്യൻ സംഘവുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി സംവദിച്ചു. ഏറ്റവും മികച്ച പ്രകടനം കാഴ്ച്ചവെച്ച് കായികതാരങ്ങൾ രാജ്യത്തിന് അഭിമാനമാകുമെന്ന് ആത്മവിശ്വാസമുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. അവരുടെ ജീവിതയാത്രകളും വിജയങ്ങളും 140 കോടി ഇന്ത്യക്കാർക്ക് പ്രതീക്ഷ നൽകുന്നതായും അദ്ദേഹം സമൂഹമാധ്യമ പോസ്റ്റിൽ അറിയിച്ചു.

✪✪✪

പാരീസ് ഒളിമ്പിക്സിലെ ഇന്ത്യൻ അത് ലറ്റിക്സ് ടീമിൽ അഞ്ചു മലയാളികൾ ഇടം നേടി. 4 X 400 മീറ്റർ റിലേ ടീം അംഗങ്ങളായ മുഹമ്മദ് അനസ്, വി.മുഹമ്മദ് അജ്മൽ, അമോജ് ജേക്കബ്, മിജോ ചാക്കോ കുര്യൻ എന്നിവരും ട്രിപ്പിൾ ജംപിൽ അബ്ദുള്ള അബൂബക്കറുമാണ് സംഘത്തിലുള്ളത്. എന്നാൽ ഇത്തവണയും ഒളിമ്പിക്സിലേക്ക് കേരളത്തിൽ നിന്നും വനിതകളില്ല. 28 പേരാണ് ഇന്ത്യൻ സംഘത്തിലുള്ളത്. ഇന്നലെയാണ് ഇന്ത്യൻ അത് ലറ്റിക് ഫെഡറേഷൻ പാരീസ് ഒളിമ്പിക്സിൽ പങ്കെടുക്കുന്നവരുടെ അന്തിമപട്ടിക പ്രഖ്യാപിച്ചത്.

✪✪✪

ഇന്ത്യ-ദക്ഷിണാഫ്രിക്ക വനിതാ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മൽസരം ഇന്ന്. ചെന്നൈയിലെ ചെപ്പോക്ക് സ്റ്റേഡിയത്തിൽ രാത്രി 7 നാണ് മൽസരം. മലയാളി താരങ്ങളായ സജന സജീവൻ, ആശ ശോഭന എന്നിവർ ആദ്യ ഇലവനിൽ ഇറങ്ങിയേക്കും.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ വിമാനയാത്രയ്ക്ക് തടസം സൃഷ്ടിക്കുന്ന മയിലുകളുടെ സാന്നിധ്യം സംബന്ധിച്ച് ചർച്ച നടത്തുന്നതിനായി മന്ത്രി എ.കെ ശശീന്ദ്രന്റെ അധ്യക്ഷതയിൽ

രാവിലെ വിമാനത്താവളത്തിൽ യോഗം ചേരും. ചീഫ് വൈൽഡ് ലൈഫ് വാർഡൻ, എയർപോർട്ട്, വനം വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ സംബന്ധിക്കും.

✪✪✪

ലക്ഷദ്വീപ് നേരിടുന്ന പണ്ടാര ഭൂ പ്രശ്നവും, ഗതാഗതം, വിദ്യാഭ്യാസം എന്നീ മേഖലയിലെ പ്രതിസന്ധികളും പരിഹരിക്കുന്നതിന് ജനങ്ങളോടൊപ്പം ചേർന്ന് പ്രവർത്തിക്കുമെന്ന് ലക്ഷദ്വീപ് MP ഹംദുള്ളാ സെയ്ദ് പറഞ്ഞു. ദ്വീപ് ഭരണകൂടം ജനങ്ങളുടെ പ്രതീക്ഷകൾക്കനുസരിച്ച് ഉയരുകയാണെങ്കിൽ അവരോട് സഹകരിക്കുമെന്നും മറിച്ചാണെങ്കിൽ ജനകീയമായും രാഷ്ട്രീയമായും നിയമപരമായും നേരിടുമെന്നും അദ്ദേഹം കവരത്തിയിൽ ദൂരദർശൻ വാർത്തകൾക്ക് നൽകിയ പ്രത്യേക അഭിമുഖത്തിൽ പറഞ്ഞു.

✪✪✪

വിദേശത്ത് MBBS പഠനം പൂർത്തിയാക്കിയശേഷം ഇന്ത്യയിൽ പ്രാക്ടീസ് ചെയ്യാൻ ആഗ്രഹിക്കുന്നവർക്കായി നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻ നടത്തുന്ന ഫോറിൻ മെഡിക്കൽ ഗ്രാജുവേറ്റ് എക്സാമിനേഷൻ പരീക്ഷയുടെ ചോദ്യപേപ്പർ വില്പനയ്ക്കെന്ന് ടെലഗ്രാം ഗ്രൂപ്പിൽ പരസ്യം ചെയ്ത സംഘങ്ങൾക്കെതിരെ തിരുവനന്തപുരം സിറ്റി സൈബർ ക്രൈം പോലീസ് , കേസ് രജിസ്റ്റർ ചെയ്തു.

നാളെ നടക്കുന്ന പരീക്ഷയുടെ ചോദ്യപേപ്പറും ഉത്തരങ്ങളും ആണ് വിൽപ്പനയ്ക്ക് എന്ന പേരിൽ ടെലഗ്രാം ഗ്രൂപ്പുകളിൽ പരസ്യം ചെയ്തത്.

✪✪✪